## 2

# യോസേഫിനോടുള്ള അറിയിപ്പും കന്യകാ ജനനവും

## (1:18- 25)

യേശുവിന്റെ അമ്മയപ്പന്മാരുടെ പരിചയമുള്ള സംഭവം 1:18–25–ൽ പറഞ്ഞിരിക്കുന്നു. വരുവാനിരിക്കുന്ന യേശുവിന്റെ ജനന വിവരം യോസേഫിനും, മറിയയുടെ കുടുംബത്തിനും, പ്രത്യേകിച്ച് മറിയക്കും ലഭിക്കുന്നതിന്റെ ആശ്ചര്യത്തെ കുറിച്ച് നമുക്ക് ഊഹിക്കുവാനേ കഴിയു.

പ്രവചന നിറവേറലായിരുന്നു യേശു എന്നതായിരുന്നു പ്രസ്താവനയുടെ ഊന്നൽ; യുഗങ്ങളോളം മർമ്മമായിരുന്ന ദൈവത്തിന്റെ പദ്ധതി വെളിപ്പെടുത്തിയിരിക്കുന്നു; യേശു വെറുമൊരു സാധാരണ മനുഷ്യനായിരുന്നില്ല എന്നതാണ് പ്രത്യേകത; പരിശുദ്ധാത്മാവിനാലായിരുന്നു അവനെ ഗർഭം ധരിക്കുന്നത്. അവൻ വാസ്തവത്തിൽ ദൈവം ജഡമായി തീർന്നവനായിരുന്നു. അവന്റെ ഭൗമികരായ അമ്മയപ്പന്മാരുടെ നീതിയുള്ള സ്വഭാവം വേദഭാഗം വ്യക്തമാക്കുന്നു; യേശു ലോകത്തിലേക്കു വന്നതിനെ കുറിച്ച് അപകീർത്തിപരമായ ഒന്നുമില്ലായിരുന്നു.

### വിഷമാവസ്ഥ - “ശിശുവോടുകൂടെ കണ്ടു” (1:18)

**18 എന്നാൽ യേശുക്രിസ്തുവിന്റെ ജനനം ഈവണ്ണം ആയിരുന്നു. അവന്റെ അമ്മയായ മറിയ യോസേഫിന്നു വിവാഹം നിശ്ചയിക്കപ്പെട്ടശേഷം അവർ കൂടി വരുമ്മുമ്പെ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി എന്നു കണ്ടു.**

**വാക്യം 18.** 1:18 ലെ **ജനനം** എന്ന വാക്ക് ഗ്രീക്കിൽനിന്നു (*ജെനെസിസ്*) തർജിമ ചെയ്തിരിക്കുന്നത്, അവിടെ പറഞ്ഞിരിക്കുന്നത് “വംശാവലി” എന്നാണ്. മുൻപ് പറഞ്ഞ വാക്യങ്ങൾ യേശുവിന്റെ മാനുഷിക പൂർവ്വികവശത്തെ സൂചിപ്പിക്കുന്നതും, പിന്നീടുള്ള വാക്യങ്ങൾ **യേശുക്രിസ്തു** ലോകത്തിലേക്കു വരുന്നതിനെ സംബന്ധിച്ചുമുള്ളതാണ്.

**അവന്റെ അമ്മ മറിയ[1] യോസേഫിനു വിവാഹം നിശ്ചയിക്കപ്പെട്ടിരുന്നു.** ഇന്നത്തെ പാശ്ചാത്യ വിവാഹ നിശ്ചയത്തേക്കാൾ ഉറപ്പുള്ളതായിരുന്നു പുരാതന യെഹൂദ ലോകത്തിലെ വിവാഹ നിശ്ചയം (ആവർ. 20:7).[2] വിവാഹ നിശ്ചയം കഴിഞ്ഞ സ്ത്രീയും പുരുഷനും വിവാഹം കഴിഞ്ഞതുപോലെയാണ്, പക്ഷെ അവർ ഒരുമിച്ച് താമസിക്കുവാൻ പാടില്ല. യോസേഫിന്റേയും മറിയയുടേയും കാര്യത്തിൽ, യോസേഫ് “ഭർത്താവായും” (1:19) മറിയ “ഭാര്യയായും” (1:20)[3] അറിയപ്പെട്ടിരുന്നു. വിവാഹ നിശ്ചയം കഴിഞ്ഞ പുരുഷൻ വിവാഹത്തിനു മുൻപ് തന്റെ പ്രതിശ്രുത വധുവിനെ ഒഴിവാക്കണമെങ്കിൽ വിവാഹം കഴിക്കുന്നതിനു സർട്ടിഫിക്കറ്റു ആവശ്യമായിരിക്കുന്നതുപോ

ലെ “ഉപേക്ഷണ പത്രം” സ്ത്രീക്ക് നൽകണമായിരുന്നു (ആവ. 24:1–4; മർക്കൊ. 10:4).[4] ഉപേക്ഷണപത്രം പുരുഷൻ സ്ത്രീക്ക് രണ്ട് സാക്ഷികൾ ഒപ്പിട്ടോ അല്ലെങ്കിൽ രണ്ട് സാക്ഷികളുടെ മദ്ധ്യേയോ നൽകണം.[5] ആ നടപടിക്ക് കോടതിയോ ന്യായാധിപനോ ആവശ്യമില്ലായിരുന്നു. “ഏതൊരു പുരുഷനേയും [വിവാഹം] കഴിക്കുവാൻ ഞാൻ നിന്നെ അനുവദിക്കുന്നു.”[6] എന്നതായിരിക്കും *മിഷ്നാ* അനുസരിച്ച് ഉപേക്ഷണ പത്രത്തിന്റെ ഉള്ളടക്കം. വിവാഹം നിശ്ചയിക്കപ്പെട്ട ഒരാൾ മരണപ്പെട്ടാൽ നിറവേറിയതായി കണക്കാക്കിയിരുന്നു. ജീവിച്ചിരിക്കുന്ന സ്ത്രീ വിധവ ആയും പുരുഷൻ വിധുരൻ ആയുമിരിക്കും പിന്നീട്. വിവാഹ നിശ്ചയത്തിനും വിവാഹത്തിനുമിടക്കുള്ള കാലയളവ് ഏതാനും മാസം മുതൽ ഒരു വർഷം വരെ നീണ്ടുപോയേക്കാം. അതിനുശേഷം വരൻ വധുവിന്റെ അടുത്തു ചെന്നു - വിരുന്നുകാരോടുകൂടെ - വധുവിനെ വിവാഹസ്ഥലത്തേക്ക് ആനയിച്ചുകൊണ്ടുവന്നു വിവാഹം കഴിച്ച് കുടുംബജീവിതം നയിക്കും (22:1–14; 25:1–13 നോക്കുക).

**അവർ കൂടി വരുമ്മുമ്പെ അവൾ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി എന്നു കണ്ടു.** മറിയ മൂന്നു മാസം എലിശബെത്തിനോടൊപ്പം താമസിച്ചതും ദൂതന്റെ അരുളപ്പാടും വിശദമായി ലൂക്കൊസിന്റെ സുവിശേഷത്തിൽ പറയുന്നു (ലൂക്കൊ. 1:26–56). ഈ സമയത്തിനു ശേഷം അവൾ വീട്ടിലേക്ക് മടങ്ങിപോകുകയും ഗർഭലക്ഷണം കണ്ടുതുടങ്ങുകയും ചെയ്തു. യോസേഫ് മറിയയുമായി ലൈംഗികബന്ധം പുലർത്താതിരുന്നതിനാൽ, അവൾ അവിശ്വസ്തയാണെന്ന തോന്നലുണ്ടായി. ന്യായപ്രമാണപ്രകാരം വിവാഹനിശ്ചയം കഴിഞ്ഞ പുരുഷനായാലും സ്ത്രീയായാലും അവിശ്വസ്തരായാൽ വ്യഭിചാര കുറ്റമാണ്, കുറ്റം ചെയ്ത ആളെ കല്ലെറിഞ്ഞു കൊല്ലണം (ആവർ. 22:23, 24).

## അനുഗ്രഹം - രക്ഷിതാവ്
## ആകുവാനുള്ളപുത്രൻ (1:19-21)

**[19]അവളുടെ ഭർത്താവായ യോസേഫ് നീതിമാനാകകൊണ്ടും, അവൾക്ക് ലോകാപവാദം വരുത്തുവാൻ അവന്നു മനസില്ലായ്കകൊണ്ടും, അവളെ ഗൂഢമായി ഉപേക്ഷിപ്പാൻ ഭാവിച്ചു. [20]ഇങ്ങനെ നിനച്ചിരിക്കുമ്പോൾ കർത്താവിന്റെ ദൂതൻ അവന്നു സ്വപ്നത്തിൽ പ്രത്യക്ഷനായി “ദാവീദിന്റെ മകനായ യോസേഫേ നിന്റെ ഭാര്യയായ മറിയയെ ചേർത്തുകൊൾവാൻ ശങ്കിക്കേണ്ട.; അവളിൽ ഉൽപാദിതമായതു പരിശുദ്ധാത്മാവിനാൽ ആകുന്നു. [21]അവൾ ഒരു മകനെ പ്രസവിക്കും, അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു രക്ഷിപ്പാനിരിക്ക കൊണ്ട്, നീ അവന്നു യേശു എന്നു പേർ ഇടേണം.”**

**വാക്യം 19.** മറിയയുടെ **ഭർത്താവ് യോസേഫ്**, അവൾ ഗർഭിണി ആണെന്ന് അറിയുകയും ശിശുവിന്റെ അപ്പൻ താനല്ലെന്ന് മനസിലാക്കുകയും ചെയ്തപ്പോൾ അവൻ വിഷമകരമായ ഒരു തീരുമാനത്തിലെത്തി. അവൻ **നീതിമാനായിരുന്നതുകൊണ്ട്** അവൾക്ക് **ലോകാപവാദം വരുത്തരുതെന്ന്** വിചാരിച്ചു. അതിനാൽ അവളെ **ഗൂഢമായി ഉപേക്ഷിപ്പാൻ തീരുമാനിച്ചു**. “സെന്റ് എവേ” (*അപോളോ*) എന്നതു ഇവിടെ “ഉപേക്ഷിക്കുക” എന്നാണ് അർത്ഥം. ഡൊണാൾഡ് ഏ, ഹാഗ്നെർ പറഞ്ഞു, “മറിയയെ വ്യഭിചാരിണി എന്നു പുറത്തറിയിക്കുവാൻ യോസേഫ് ആഗ്രഹിച്ചില്ല, അതേ സമയം പാപ കുറ്റമുള്ള

ഒരാളെ വിവാഹം കഴിക്കുവാനും അവൻ തയ്യാറായിരുന്നില്ല."[7]

യോസേഫിന് കല്ലെറിയൽ തിരഞ്ഞെടുക്കാമായിരുന്നോ ഇല്ലയോ എന്ന തിനെ സംബന്ധിച്ച് ചില ചോദ്യങ്ങൾ നിലനിൽക്കുന്നു. റോബർട്ട് എച്ച്. ഗൺട്രി ചൂണ്ടിക്കാട്ടി, "ചില റബ്ബിമാരുടെ തെളിവെടുപ്പിൽ കല്ലെറിയൽ ശിക്ഷക്ക് ചില പ്പോൾ അയവ് വരുത്താറുണ്ട്., മത്തായിയുടെ സുവിശേഷത്തിൽ പുരുഷൻ സന്നിഹിതനായിരുന്നില്ല ..."[8] വ്യഭിചാര കുറ്റത്തിൽ പിടിക്കപ്പെട്ട സ്ത്രീയോട് പറഞ്ഞിരിക്കുന്നു (യോഹ. 7:53–8:11). "പ്രത്യേക സാഹചര്യങ്ങളിൽ മരണ ശിക്ഷ വിധിക്കുവാൻ ഒന്നാം നൂറ്റാണ്ടിൽ റോമാക്കാർ ശ്രമിച്ചിരുന്നു."[9] എങ്ങ നെയായാലും, റോമാക്കാർ ആ അധികാരം ഉപയോഗിക്കുവാൻ തുടങ്ങിയതു ക്രിസ്തുവിന്റെ ജനന*ശേഷമാണ്*[10] (10:18; 12:14 ലെ പരാമർശം നോക്കുക).

യോസേഫ് തന്റെ വധുവിനോട് മനസലിവ് കാണിപ്പാൻ ആഗ്രഹിച്ചു, അവൾക്ക് നേരിടുവാനിടയുള്ള എല്ലാ തരംതാഴ്ത്തലിൽനിന്നും അവളെ രക്ഷി പ്പാൻ താൽപര്യപ്പെട്ടു. ഡഗ്ലസ് ആർ. ഏ. ഹെയർ പറഞ്ഞു, "ആ ബന്ധത്തെ അങ്ങനെ പരിഹരിക്കുവാൻ അവൻ തീരുമാനിച്ചത് കോപം നിമിത്തമായി രുന്നില്ല, പിന്നെയോ മതപരമായ ഭക്തി[11] നിമിത്തമായിരുന്നു." അദ്ദേഹം പി ന്നെയും എഴുതി, "മത്തായിക്കു പ്രിയപ്പെട്ട തത്വവുമായി, "യാഗത്തിലല്ല, കരുണയിലാണ് ഞാൻ പ്രസാദിക്കുന്നത്" എന്നതിനോട് യോജിക്കുന്ന വിധ ത്തിലായിരുന്നു യോസേഫ് ജീവിച്ചിരുന്നത് (ഹോശേ.6:6; 9:13 ലും 12:7 ലും ഉദ്ധരിച്ചിരിക്കുന്നു)."[12]

**വാക്യം 20.** യോസേഫ് അങ്ങനെ തീരുമാനിച്ച ശേഷം, അവന്നു **സ്വപ് നത്തിൽ** കർത്താവിന്റെ **ദൂതൻ പ്രത്യക്ഷനായി** പറഞ്ഞു, **"ദാവീദിന്റെ സന്ത തിയായ യോസേഫേ, നിന്റെ ഭാര്യയായ മറിയയെ ചേർത്തുകൊൾവാൻ ശങ്കിക്കേണ്ട."** തൽഫലമായി, മറിയയെ ഗൂഢമായി ഉപേക്ഷിപ്പാൻ തീരുമാനിച്ച തിൽനിന്നു അവൻ മനസ് മാറ്റി. "നിരപരാധിത്വ സംരക്ഷണം മറിയയെ സംബ ന്ധിച്ച് ഇപ്പോൾ യോസേഫിന് യഥാർത്ഥത്തിൽ പൂർണ്ണമായി ബോധ്യപ്പെട്ടു."[13]

ജനനത്തെ പ്രസ്താവിക്കുന്ന ഒന്നായിരുന്നു യോസേഫ് കണ്ടതായ സ്വപ് നം (1:20; 2:12, 13, 19, 22). റോബർട്ട് എച്ച്. മൗൺസ് പറഞ്ഞു, "ഒരുവിധത്തിൽ, ഈ യോസേഫ് പഴയനിയമത്തിലെ യോസേഫിനെ പ്രതിഫലിക്കയാണ് [യാക്കൊബിന്റെ മകൻ], അവനും നീതിമാനും, സ്വപ്നത്താൽ സ്വാധീനിക്ക പ്പെട്ടവനും മിസ്രയിമിലേക്ക് പോകുവാൻ നിർബ്ബന്ധിതനായവനുമായിരുന്നു."[14] ബെൻ വിതെറിങ്ങ്ടൻ III പറഞ്ഞു,

> മറിയയുടെ ജീവിതത്തിൽ ദൈവം ഇടപെട്ടതിനോട് യോസേഫ് പ്ര തികരിച്ചതിനെയാണ് [മത്തായി] ശ്രദ്ധിച്ചിരിക്കുന്നത്, പ്രത്യേകിച്ച്, സ്വപ് നത്താൽ ദൈവേഷ്ടം ചെയ്യുവാൻ യോസേഫ് എങ്ങനെ നയിക്കപ്പെട്ടു എന്നു കാണിക്കുന്നു. അതു യാദൃശ്ചികമായിരുന്നില്ല, യേശുവിനെ കൂടാതെ, ഈ സംഭവത്തിൽ യോസേഫിനെ മാത്രമാണ് "ദാവീദിന്റെ സന്തതി" എന്നു വിളിച്ചിരിക്കുന്നത്. ദൈവനിർദ്ദേശപ്രകാരം മറിയയേയും യേശുവിനേയും നയിക്കുകയും സംരക്ഷിക്കുകയും ചെയ്ത പ്രത്യേക പിതാവായിരുന്നു അവൻ.[15]

"ദാവീദിന്റെ പുത്രൻ" എന്ന പേർ യോസേഫിൽ ഉറപ്പിക്കുന്നത് അവൻ യേശുവിന്റെ വളർത്തച്ഛൻ ആകുന്നതിനാലാണ്, അങ്ങനെ അവൻ ദാവീദിന്റെ

വംശാവലിയിൽ വരുന്നു - വംശാവലിയിൽ ആ പ്രയോഗം പ്രകടിപ്പിച്ചുകഴിഞ്ഞതാണ് (1:1, 6, 16).

മറിയക്ക് ലഭിച്ച അരുളപ്പാടിൽ, സന്ദേശം അറിയിച്ച ദൂതന്റെ പേർ ഗബ്രിയേൽ എന്നായിരുന്നു (ലൂക്കൊ. 1:26). യോസേഫിന്റെ കാര്യത്തിൽ ദൂതന്റെ പേർ പറഞ്ഞിട്ടില്ല. മറിയ **ഗർഭിണിയായ ശിശു പരിശുദ്ധാത്മാവിനാലായിരുന്നു** ... എന്നാണ് ദൂതൻ യോസേഫിനോട് അറിയിച്ചത്. മത്തായി വിവരിച്ചതായ അത്ഭുത ഗർഭധാരണം സൂക്ഷിക്കേണ്ടതും ബഹുമാനിക്കേണ്ടതുമാണെന്നായിരുന്നു മത്തായി പറഞ്ഞത് (1:18, 20). "അന്യദേവന്മാരെ നമസ്ക്കരിക്കുന്നവരുടെ വിശ്വാസപ്രകാരം [ഗ്രീക്ക് ഇതിഹാസങ്ങളിലേതുപോലെ] ദേവനും ദേവിയും തമ്മിലുള്ള ലൈംഗികബന്ധപ്രകാരമല്ല, മറിച്ച് മറിയയിൽ പരിശുദ്ധാത്മാവ് പ്രവർത്തിച്ചാണ് അവന്റെ ഉദ്ദേശം നിറവേറ്റുന്നത്"[16] എന്നാണ് ഹാഗ്നെർ പറഞ്ഞത്. പരിശുദ്ധാത്മാവ് മറിയയുടെ ഉദരത്തിൽ പ്രജ ഉരുവാകയും ദൈവവും മനുഷ്യനുമായ ഒരു വിശുദ്ധ ശിശുവായി തീരുകയും ചെയ്തു (ലൂക്കൊ. 1:31–35). മറിയയുടെ ഉദരത്തിൽ രൂപം കൊണ്ടത് "ദൈവവചനം" ജഡമായി തീർന്നതിനാലാണ് (യോഹ. 1:1, 14). റബ്ബിമാരുടെ ചിന്തകളെ ക്രോഡീകരിച്ച് ഡേവിഡ് ഹിൽ എഴുതി, "ദൈവത്തിന്റെ ആത്മാവ് ആരംഭത്തിൽ ലോകസ്ഥാപനത്തിൽ എങ്ങനെ പ്രാവർത്തികമായിരുന്നുവോ, അപ്രകാരം അതിന്റെ നവീകരണത്തിലും പ്രവർത്തിക്കുന്നു"[17] അവൻ പിന്നെയും വിശദമാക്കി, "മശിഹാ വീണ്ടെടുപ്പുകാരന്റെ പുതിയ ജനനോത്ഘാടനത്തിൽ ("പരിശുദ്ധാത്മാവ്")[18] ക്രിയാത്മകശക്തിയാൽ ദൈവം പ്രവർത്തിക്കുന്നതായിട്ടാണ് മത്തായി വിവരിക്കുന്നത്."

**വാക്യം 21**. ദൂതൻ പിന്നെയും യോസേഫിനോട് പറഞ്ഞത്, മറിയയുടെ ഉദരത്തിൽ ജനിക്കുന്ന **ശിശുവിന് തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു മോചിപ്പാനിരിക്കകൊണ്ട്** യേശു എന്നു **പേർ** വിളിക്കേണം. "യേശു" എന്ന എബ്രായ പേരിന്റെ ഗ്രീക്ക് രൂപമാണ് "യേശു" (*ജീസൗസ്*) (*യാഹ്ഷ്വാ*), അർത്ഥം "യഹോവയാണ് രക്ഷ" പൊതുവായ ആ യെഹൂദ പേർ നൽകുവാൻ കാരണം (പ്രവൃത്തി. 13:6; കൊലൊ. 4:11) ദൈവത്തിന്റെ പുത്രൻ ലോകത്തിലേക്ക് വരുന്നതിന്റെ ഉദ്ദേശം നിറവേറ്റുന്നതായിരുന്നു അത്. ആ ഉദ്ദേശം "ജനത്തെ അവരുടെ പാപങ്ങളിൽനിന്നു മോചിക്കുക" എന്നതായിരുന്നു (യെശ. 53:5, 6; യിരെ. 31:31–34; മത്താ. 20:28; 26:26–28; ഗലാ. 4:4, 5; 1 തിമൊ. 1:15).

അപൊക്രിഫായിലെ ഒരു ഭാഗത്തും പേരിന്റെ അർത്ഥം പറയുന്നുണ്ട്:

> നൂന്റെ മകൻ *യോശുവ* യുദ്ധത്തിൽ വീരനായിരുന്നു,
> പ്രവചനോദ്യോഗത്തിൽ അവൻ മോശെയുടെ
> പിൻഗാമിയായിരുന്നു.
> *അവന്റെ പേർ സൂചിപ്പിക്കുന്നതുപോലെ*,
> അവൻ ദൈവത്തിന്റെ
> തിരഞ്ഞെടുക്കപ്പെട്ടവരുടെ വലിയ *രക്ഷകനായി* തീർന്നു,
> അവൻശത്രുക്കൾക്ക് പ്രതികാരം വീട്ടി അവർക്ക് തങ്ങളുടെ
> അവകാശം ഉറപ്പിക്കുമാറാക്കി.[19]

ആദ്യത്തെ യോശുവ ഒരു സൈനിക രക്ഷിതാവായിരുന്നു എങ്കിൽ, രണ്ടാമത്തെ യോശുവ (യേശു) ആത്മിക രക്ഷകനായി തീർന്നു. അവൻ യെഹൂദ

ന്മാരെ റോമാക്കാരുടെ ഞെരുക്കത്തിൽനിന്നു മോചിപ്പിക്കുന്ന - ഒരു ദേശിയമായ ഭൗതിക രാജ്യത്തിന്റെ രക്ഷകനായിട്ടല്ല വന്നത്, പിന്നെയോ, പാപത്തിന്റെ കുറ്റത്തിൽനിന്നും അതിന്റെ അനന്തരഫലത്തിൽ നിന്നും മോചിപ്പിക്കുന്ന ആത്മിയ രക്ഷകനായിട്ടാണ് വന്നത് (റോമർ 3:23, 24; 6:23). "അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നും" എന്ന പ്രസ്താവനയെ കുറിച്ച് ലിയോൺ മോറിസ് പറഞ്ഞു, "അവൻ" (*ഔടോസ്*) എന്നതു വ്യക്തിപരമായ സർവ്വനാമമാണ്, അർത്ഥം "അവൻ മാത്രം അല്ലാതെ മറ്റൊന്നുമല്ല"[20] എന്നാണ് ഊന്നൽ നൽകുന്നത്.

"അവൻ സ്വന്തമായവരിലേക്ക്" (യെഹൂദ ദേശം) ആദ്യം വന്നു എങ്കിലും, എല്ലാ മനുഷ്യരേയും രക്ഷിക്കുന്നതിനായിരുന്നു വന്നത് (യോഹ. 3:16-21). യെഹൂദന്മാർ മിക്കപേരും അവനെ തള്ളിക്കളഞ്ഞു (യോഹ. 1:11). എന്നാൽ ജാതികളേയും അവന്റെ രാജ്യത്തിലേക്ക് സ്വാഗതം ചെയ്തു. "അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു" (യോഹ. 1:12). അതിനർത്ഥം അവനിൽ വിശ്വസിക്കുന്നു എന്നു പറയുന്നവരെല്ലാം "അവന്റെ മക്കൾ" ആകുന്നു എന്നല്ല. എന്നാൽ അവർക്ക് ദൈവമക്കൾ ആകുവാനുള്ള അവകാശം ഉണ്ട് എന്നാണ് പറഞ്ഞത്. ജനിച്ചവരെല്ലാം ഒരിക്കൽ മരിക്കും (എബ്രാ. 9:27), പക്ഷെ പ്രത്യേകമായി മരിക്കുവാൻ മാത്രമായി ജനിച്ചത് യേശു മാത്രമായിരുന്നു. അവൻ നമ്മുടെ പാപങ്ങൾക്ക് തികവുള്ള യാഗമായി തീർന്നു (എബ്രാ. 9:26-28; 10:5-10; 1 യോഹ. 2:2; 4:10).

## പ്രവചനം - ഒരു കന്യകാ ജനനം (1:22, 23)

**22"കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും" അവന്നു 23"ദൈവം നമ്മോടുകൂടെ" എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്നു പേർ വിളിക്കും എന്നു കർത്താവ് പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതു നിവൃത്തിയാകുവാൻ ഇതൊക്കെയും സംഭവിച്ചു.**

**വാക്യം 22.** പഴയനിയമ പ്രവചനങ്ങളെല്ലാം യേശുവിൽ **നിറവേറ** [പ്പെട്ടു] എന്നാണ് ഈ വാക്യത്തോടൊപ്പം പിന്നീടുള്ള അനേക വാക്യങ്ങളും പറയുന്നത് (1:22; 2:15, 17, 23; 4:14; 8:17; 12:17; 13:35; 21:4; 26:56; 27:9). മലമ്പ്രസംഗത്തിൽ യേശു പറഞ്ഞു, "ഞാൻ ന്യായപ്രമാണത്തെ നീക്കുവാൻ വന്നു എന്നു നിരൂപിക്കരുത്, നീക്കുവാനല്ല, നിവർത്തിപ്പാനത്രേ ഞാൻ വന്നത്" (5:17). **അവയെല്ലാം** ഇവിടെ വിവരിച്ച യേശുവിന്റെ അത്ഭുതകരമായ കന്യകാജനനവുമായി ബന്ധപ്പെട്ടാണിരിക്കുന്നത് (1:18-25). **യഹോവയാണ് പ്രവാചകൻ മുഖാന്തരം** അരുളിച്ചെയ്തതെന്ന് മത്തായി സ്പഷ്ടമായി പറയുന്നു, എന്നാൽ മറ്റു സന്ദർഭങ്ങളിൽ പ്രവാചകൻ അരുളിച്ചെയ്തു എന്നാണ് പറഞ്ഞിരിക്കുന്നത്, ദൈവശ്വാസിയതയെയാണ് അത് വ്യക്തമാക്കുന്നത്. ഇവിടെ പേർ പറഞ്ഞിട്ടില്ലാത്ത പ്രവാചകൻ യെശയ്യാവാണ്.

**വാക്യം 23.** യെശയ്യാവ് 7:14 ൽനിന്നുള്ളതാണ് ഈ പ്രവചനം: **"ഇതാ കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും അവർ അവന്നു ഇമ്മാനുവേൽ എന്നു പേർ വിളിക്കും"** സെപ്ത്വജിന്റിൽ പറഞ്ഞിരിക്കുന്നതിനെ അനുസരിച്ചാണ് മത്തായി അവിടെ ഗ്രീക്ക്വാക്ക് (*പാർത്തനോസ്*) ഉപയോഗിച്ചിരിക്കു

ന്നത്, അത് "കന്യക" എന്നതിന്റെ എബ്രായ വാക്കിന് (*അൽമാ*) പകരമുള്ള വാക്കാണ്. പഴയനിയമത്തിൽ, *അൽമാ* എന്നതു പലപ്പോഴും ഉപയോഗിച്ചിരിക്കുന്നത് അവിവാഹിതയായ "യുവതി" അല്ലെങ്കിൽ, "കന്യക" (ഉൽപ. 24:43; ഉത്തമ. 1:3; 6:8 നോക്കുക). മറ്റു മൂന്നു പ്രാവശ്യവും അവിവാഹിതയായ പെൺകുട്ടിയെയാണ് സൂചിപ്പിക്കുന്നത് (പുറ. 2:8; സങ്കീ. 68:25; സദൃശ. 30:19). വിവാഹം കഴിഞ്ഞ സ്ത്രീകൾക്ക് പഴയനിയമത്തിൽ *അൽമാ* എന്ന വാക്ക് ഉപയോഗിച്ചിട്ടില്ല എന്നു തെളിവുകൾ വ്യക്തമാക്കുന്നു.

യെശയ്യാവ് 7:14 തർജിമ ചെയ്തിരിക്കുന്നതിനപ്പുറമായി, ഈ വാക്യത്തെ സംബന്ധിച്ച് വേറെയും ചോദ്യങ്ങൾ ചോദിക്കേണ്ടതായിട്ടുണ്ട്. ആ വാക്യം ക്രിസ്തുവിന്റെ ജനനത്തെ മാത്രമാണോ പറയുന്നത്? അതോ അത് ഇരട്ട നിറവേറൽ ഉള്ളതാണോ? യെശയ്യാവിന്റെ പ്രവചനം ആദ്യ ശ്രോതാക്കൾക്ക് എങ്ങനെയാണ് വ്യാഖ്യാനിച്ചുകൊടുത്തത്? മത്തായി ആ പ്രവചനം എങ്ങനെയാണ് ഉപയോഗിച്ചത്?

ഏതാണ്ട് ബി. സി. 735–ൽ, ദുഷ്ടരാജാവായിരുന്ന ആഹാസിനോട് യെശയ്യാ പ്രവാചകൻ ഉറപ്പിച്ചു പറഞ്ഞതെന്തെന്നാൽ, അരാം (സിറിയ) രാജാവായിരുന്ന റെസിനെയും യിസ്രായേലിലെ പേഖയെയും (യെശ. 7:1) ദാവീദിന്റെ വംശാവലി (യെശ. 7:6) നശിപ്പിക്കുവാൻ ദൈവം അനുവദിക്കുകയില്ല. ദുഷ്ടരായ അന്യദേവന്മാരെ നമസ്കരിക്കുന്ന ആ രണ്ടു രാജാക്കന്മാരുടേയും ദൈവജനത്തെ ഭരിക്കുവാനുള്ള അവരുടെ ആഗ്രഹത്തെ ദൈവം ഇല്ലാതാക്കും എന്നർത്ഥം (ഉൽപ. 49:10; 2 ശമു. 7:12, 13). അവന്റെ വാഗ്ദാനമനുസരിച്ച് യെശയ്യാവ് മുഖാന്തരം ദൈവം ആഹാസിനു ഒരു അടയാളം കൊടുത്തു:

> അതുകൊണ്ട് കർത്താവ് തന്നെ നിങ്ങൾക്ക് ഒരു അടയാളം തരും. കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. അവന്നു ഇമ്മാനുവേൽ എന്നു പേർവിളിക്കും. തിന്മ തള്ളി നന്മ തിരഞ്ഞെടുപ്പാൻ പ്രായമാകും വരെ അവൻ തൈരും തേനും കൊണ്ട് ഉപജീവിക്കും. *തിന്മ തള്ളി നന്മ തിരഞ്ഞെടുപ്പാൻ ബാലന്നു പ്രായമാകുമ്മുമ്പെ, നീ വെറുക്കുന്ന രണ്ടു രാജാക്കന്മാരുടേയും ദേശം* ഉപേക്ഷിക്കപ്പെട്ടിരിക്കും (യെശ. 7:14–16; എംഫസിസ് മൈൻ).

ആഹാസിനു കൊടുത്ത അടയാളത്തിൽ, ആ പ്രവചനത്തിലെ മകൻ ചുരുങ്ങിയ കാലയളവിൽ ജനിക്കുവാനിരുന്നവനായിരുന്നു. കുറച്ചു വർഷങ്ങൾക്കു ശേഷം, അശൂര്യർ യിസ്രായേലിന്നു എതിരായി വന്നു (ബി. സി. 733) അരാം (ബി. സി. 732) തദ്ദേശവാസികളെ പലരെയും നാടുകടത്തി; പേഖയെയും റെസിനെയും കൊന്നുകളഞ്ഞു (2 രാജാക്കന്മാർ 15:29, 30; 16:9). അവസാനം ബി. സി. 722–ൽ അശൂര്യർ യിസ്രായേലിനെ ശൂന്യമാക്കി. അരാമിനേയും യിസ്രായേലിനേയും നശിപ്പിക്കുന്നതിനു മുൻപായിരുന്നു യഹോവ അരുളിച്ചെയ്തതുപോലെ ആ മകന്റെ ജനനം.

കാലയളവ് അളക്കുന്നതിനുള്ള ആ ജനനത്താൽ ആഹാസിന് ദൈവം കൊടുത്തത്, പറഞ്ഞ രണ്ടു രാജാക്കന്മാരും രംഗത്തു നിന്നു മാറേണ്ട കാലയളവായിരുന്നു. മകൻ ജനിച്ച് തിന്മ തള്ളി നന്മ തിരഞ്ഞെടുക്കുന്ന പ്രായമാകുമ്മുമ്പെ എന്ന അടയാളം. ആ പ്രവചനത്തിലെ ഭാഗമായ കന്യകാ ഗർഭവും മകന്റെ ജനനവുമെന്നത് ആഹാസിനു മനസിലായില്ല. അതിലെ സമയ–ഭാഗം

മാത്രമെ അവനു കാണുവാൻ കഴിഞ്ഞുള്ളു. ആ രണ്ടു രാജാക്കന്മാർ ഇല്ലാതാകുന്നതിനാൽ, ടിഗ്ലത്ത്-പിലേസറുമായി സഖ്യമുണ്ടാക്കരുതെന്ന് യെശയ്യാവ് ആഹാസിനോട് പറഞ്ഞു.

ആ പ്രവചനം യേശു കന്യകയിൽ ജനിച്ചപ്പോൾ നിറവേറി എന്നാണ് മത്തായി പറഞ്ഞത് (1:23). രണ്ടു തരത്തിലുള്ള പ്രവചനരീതി ഉറപ്പിക്കുന്നതാണ് ആ പ്രവചനം. അത് *അന്നത്തെ കാലത്തും* പ്രായോഗികമായിരുന്നു - അശൂര്യരിൽനിന്നു ആഹാസിനു ലഭിക്കുന്ന ആശ്വാസം; *മറ്റൊരു കാലത്തേക്കും* അതിനു പ്രായോഗികതയുണ്ടായിരുന്നു - ക്രിസ്തു കന്യകയിൽ ജനിക്കുന്നത്. ആഹാസിന് ആ പ്രവചനത്തിന്റെ ഒരു ഭാഗം മനസിലായില്ല. മത്തായി അതു വ്യക്തമാക്കിയില്ലായിരുന്നുവെങ്കിൽ, നമുക്കും അതു മനസിലാകുമായിരുന്നില്ല.

ദാവീദിന്റെ പുത്രനായ യേശു ആയിട്ടാണ് മശിഹ വരുന്നതെന്നാണ് യെശയ്യാവ് 7:14 ഉദ്ധരിച്ച് മത്തായി പറഞ്ഞത്. തന്റെ വാഴ്ച്ചയെ കുറിച്ചു ദാവീദിനോട് ദൈവം അരുളിച്ചെയ്ത വാഗ്ദാനങ്ങൾ ഒരിക്കൽ എന്നേക്കുമായി നിറവേറുന്നതിനായിട്ടാണ് അവൻ വന്നത് (2 ശമു. 7:12, 13). അതിനുപുറമെ, മറിയ കന്യകയായിരിക്കുമ്പോഴാണ് ഗർഭം ധരിച്ചു യേശുവിനു ജന്മം നൽകിയത്. യേശുവിന്റെ ജനനത്തിന് മറിയ എന്ന ഏക കന്യകയെയാണ് ദൈവം ഉപയോഗിച്ചത്.[21]

"ഇമ്മാനുവേൽ" എന്ന പേർ **തർജിമ ചെയ്തിരിക്കുന്നതിന്റെ അർത്ഥം "ദൈവം നമ്മോടുകൂടെ"** എന്നാണ്, അത് അവസാനം യേശുവിന്റെ അവതാരത്തോടുകൂടെ നിറവേറി (യെശ.9:6, 7 നോക്കുക). പഴയനിയമത്തിൽ, "ദൈവം നമ്മോടുകൂടെ" എന്ന പ്രയോഗം ഉപയോഗിച്ചത് ദൈവത്തിന്റെ ജനത്തിന്മേൽ ദൈവത്തിന്റെ പ്രവൃത്തിയേയും ദൈവത്തിന്റെ സാന്നിധ്യത്തെയും വിവരിക്കുവാനാണ്. പുതിയനിയമത്തിൽ, ദൈവജനത്തിനിടയിലെ ജീവിക്കുന്ന ദൈവസാന്നിധ്യത്തെയാണ് കാണിക്കുന്നത്. "വചനം" ദൈവത്തോടുകൂടെ ആയിരിക്കുക മാത്രമല്ല, "ദൈവം ആയിരുന്നു." (യോഹ. 1:1)."വചനം ജഡമായി തീർന്നു നമ്മുടെയിടയിൽ പാർത്തു" (യോഹ. 1:14). മൗൺസ് നിരീക്ഷിച്ചു, "ഇമ്മാനുവേലിന്റെ വാഗ്ദാനത്തോടുകൂടിയാണ് [മത്തായിയുടെ] സുവിശേഷം അവസാനിപ്പിക്കുന്നത് - 'ഞാനോ ലോകാവസാനത്തോളം നിങ്ങളോടുകൂടെ ഉണ്ടായിരിക്കും' (മത്താ. 28:20)."[22]

### കാത്തിരിപ്പ് കാലം - വിശ്വാസകാലം (1:24, 25)

**24യോസേഫ് ഉറക്കം ഉണർന്നു കർത്താവിന്റെ ദൂതൻ കൽപിച്ചതുപോലെ ചെയ്തു. ഭാര്യയെ ചേർത്തുകൊണ്ടു. മകനെ പ്രസവിക്കും വരെ അവൻ അവളെ പരിഗ്രഹിച്ചില്ല. 25മകന്നു അവൻ യേശു എന്നു പേർ വിളിച്ചു.**

**വാക്യം 24.** യോസേഫ് സ്വപ്നത്തിൽനിന്നുണർന്നപ്പോൾ, **നിന്റെ ഭാര്യ മറിയയെ** ചേർത്തുകൊൾവാൻ ശങ്കിക്കേണ്ട എന്നു ദൂതൻ പറഞ്ഞത് സത്യമാണെന്ന് അവനു ബോധ്യമായി. "യെഹൂദ മര്യാദയനുസരിച്ചുള്ള ഒരു അപ്പന്റെ ഏറ്റവും വലിയ നേട്ടമാണ് യോസേഫ് ഉപേക്ഷിച്ചത് - ദൈവേഷ്ടത്തിനായി-അവന്റെ ആദ്യജാതൻ എന്നുള്ളത് വിട്ടുകളഞ്ഞു."[23]

മറിയയുടെ ഗർഭത്തെ കുറിച്ച് എലിശബെത്തിനും (ഒരുപക്ഷെ അവളുടെ

ഭർത്താവ് സെഖര്യാവിനും) അറിയാമായിരുന്നുവെന്നല്ലാതെ മറ്റാരെല്ലാം അത റിഞ്ഞിരുന്നു എന്നു നമുക്ക് അറിയില്ല. തന്റെ കന്യകാ ജനനത്തെ കുറിച്ച് ഗബ്രിയേൽ ദൂതൻ മറിയയോട് അരുളിച്ചെയ്തപ്പോൾ, എലിശബെത്ത് യോഹ ന്നാനെ ഗർഭം ധരിച്ച് ആറുമാസം ആയിരുന്നു (ലൂക്കൊ. 1:36). ആ അറിയിപ്പിനെ തുടർന്ന് മറിയ ഉടനെ പരിശുദ്ധാത്മാവിനാൽ ഗർഭിണിയാകുകയും, "ആ സമ യത്തു തന്നെ" അവൾ എലിശബെത്തിനെ സന്ദർശിക്കുവാൻ അവിടെനിന്നു പോ കുകയും ചെയ്തു എന്നു വേദഭാഗം അന്തർലീനമാക്കുന്നു (ലൂക്കൊ.1:39). ആ സമയത്ത് മറിയ ഗർഭിണിയാണെന്ന് അവളുടെ സഹോദരിക്ക് അറിയാമായി രുന്നു (ലൂക്കൊ. 1:42, 43). മറിയ എലിശബെത്തിനോടൊപ്പം ഏതാണ്ട് "മൂന്നു മാസം താമസിച്ചു" (ലൂക്കൊ. 1:56), അതിനർത്ഥം അവൾ വീട്ടിൽ എത്തിയപ്പോ ഴേക്കും അവളുടെ ഗർഭം പുറത്ത് കാണത്തക്കവണ്ണം ആയി. യോസേഫിന് സ്വപ്നത്തിൽ ദൂതൻ സന്ദർശിച്ച ഉടനെ അവൻ മറിയയെ ചേർത്തുകൊണ്ടു എന്ന് അന്തർലീനമാകുന്നതിനാൽ, വേറെ കുറച്ചുപേർ കൂടെ ആ സാഹചര്യം അറിയുവാനിടയുണ്ട്.[24]

**വാക്യം 25. അവൾ ഒരു മകനെ പ്രസവിക്കും വരെ** [യോസേഫ്] **അവളെ കന്യകയായി തന്നെ സൂക്ഷിച്ചു.** അത് ഒരു കന്യകാ ഗർഭവും ജനനവുമായി രുന്നു എന്ന് ആ പ്രസ്താവന ഉറപ്പിക്കുന്നു. "[അവൻ] അവളെ കന്യകയായി" സൂക്ഷിച്ചു എന്നു പറയുന്നതിനു പകരം, ഗ്രീക്കിൽ അക്ഷരികമായി പറയുന്നു, "അവൻ അവളെ അറിഞ്ഞില്ല" (എൻകെജെവി നോക്കുക). "അറിയുക" എന്ന തിന്റെ ഗ്രീക്ക് വാക്ക് തർജിമ ചെയ്തിരിക്കുന്നത് (*ജിനോസ്കോ*), അതിനു തുല്യമായ എബ്രായ വാക്കുമായി (*യാഡാ*) കൂട്ടിച്ചേർത്ത് ലൈംഗികമായ ബന്ധത്തിനു കൂടിവരിക എന്ന ഉപയോഗമാണുള്ളത് (ഉൽപ. 4:1, 17, 25; ലൂക്കൊ. 1:34; കെജെവി). ചില ഗ്രീക്ക് കയ്യെഴുത്തു പ്രതികളിൽ "ആദ്യജാ തൻ" എന്നത് മോഡി പിടിപ്പിച്ചതാണ് "മകൻ" (കെജെവി നോക്കുക), ഒരുപ ക്ഷെ ലൂക്കൊ. 2:7-ൽ നിന്നെടുത്തതാകാം: "അവൾ തന്റെ ആദ്യജാതനെ പ്ര സവിച്ചു ..."

നിർമ്മലമായ ഗർഭധാരണം എന്ന ഉപദേശം അതിന്റെ ഉപരിഭാഗം തെറ്റായി നയിക്കപ്പെടും.ആ വാക്ക് യേശുവിനെ കുറിച്ചല്ല പറയുന്നത്, മറിയയെ കുറി ച്ചാണ്.[25] ആ ആശയത്തിന്റെ പിന്നിലുള്ളത് അവൾ ദൈവികത്വമുള്ളവളാണ്, അതുകൊണ്ട് ആരാധിക്കേണ്ടതാണ് എന്നുമാണ് അവർ പറയുന്നത്. ബൈബി ൾ ആ ഉപദേശം പഠിപ്പിക്കുന്നില്ല; വാസ്തവത്തിൽ അത് അവളുടെ മനുഷ്യത്വ ത്തെയാണ് പ്രകടമാക്കുന്നത് (12:46-50; 13:55; ലൂക്കൊ. 2:48-51; യോഹ. 2:3, 4; 19:25-27). നിർമ്മല ഗർഭധാരണം എന്ന ഉപദേശത്തിൽനിന്നു ഉരുത്തിരിഞ്ഞു വന്ന മറ്റൊരു ഉപദേശമാണ്, മറിയയുടെ നിത്യ കന്യകാത്വം. എങ്ങനെയാ യാലും, മത്തായിയുടെ വിവരണം പറയുന്നത്, ക്രിസ്തുവിന്റെ ജനനം വരെ മറിയയും യോസേഫും ലൈംഗിക ബന്ധം "പുലർത്തിയില്ല" (1:25) എന്നു പറയുമ്പോൾ, അതിനു ശേഷം ലംഗികബന്ധം പുലർത്തി അവർക്ക് വേറെ മക്കളുമുണ്ടായി എന്നു വ്യക്തമാക്കുന്നു (12:46; 13:55, 56).

യേശു ജനിക്കുന്നതുവരെ യോസേഫ് മറിയയെ പരിഗ്രഹിച്ചില്ല എന്നു പ റയുമ്പോൾ, മറിയയിൽ ജനിക്കുന്ന ശിശു ദൈവപുത്രനാണെന്ന വിശ്വാസം അവൻ ഉറപ്പിക്കുകയായിരുന്നു. അത് മറിയ ദുർന്നടപ്പുകാരിയാണെന്നും യേശു നിയമവിരുദ്ധമായി ജനിച്ചതാണെന്നുമുള്ള ദൂഷണം എന്നേക്കുമായി ഇല്ലാതാക്കുന്നു.

യോസേഫ് മറിയയെ തന്റെ ഭാര്യയായി ചേർത്തുകൊള്ളുക മാത്രമല്ല, ദൂതന്റെ നിർദ്ദേശപ്രകാരം **ശിശുവിനു യേശു എന്നു പേർ വിളിക്കുകയും** ചെയ്തു (1:21). അവൻ അതു ചെയ്തപ്പോൾ, യേശു "യോസേഫിന്റെ മകൻ" എന്ന നിയമപരമായ അവസ്ഥയാണ് വരുത്തിയത് (1:16; 13:55; യോഹ. 6:42) എട്ടാം നാളിൽ യേശുവിനെ പരിച്ഛേദന കഴിച്ചപ്പോഴായിരുന്നു പേരിടൽ നടന്നത് (ലൂക്കൊ. 2:21). ഈ ഭാഗത്തിന്റെ ആദ്യവും അവസാനവും "യേശു" എന്ന പേർ കാണാം (1:18, 25).

## പാഠങ്ങൾ

### ആവശ്യമില്ലാത്ത ഒരു ശിശു (1:18-25)

അനേകം വർഷങ്ങൾക്ക് മുൻപ്, അനാകർഷകമായ ഒരു ഗ്രാമത്തിൽ, ഒരു ശിശു ജനിച്ചു. അവിവാഹിതയായ ഒരു സ്ത്രീയിലായിരുന്നു അവൻ ജനിച്ചത്. അവളുടെ ആചാരമനുസരിച്ച് അവളെ മരണശിക്ഷക്ക് ഏൽപിച്ചു കൊടുക്കാമായിരുന്നു. അവളുടെ വിഷമാവസ്ഥ അറിഞ്ഞ പ്രതിശ്രുത വരൻ അവളെ വിവാഹം കഴിക്കുവാൻ തന്നെ തീരുമാനിച്ചു. ഇന്നാണെങ്കിൽ, ആ ഗർഭം വെച്ചുകൊണ്ടിരിക്കരുത്, ലജ്ജാകരമാണ്, അതുകൊണ്ട് അതിനെ അലസിപ്പിക്കുന്നതാണ് നല്ലത്, ആരും അറിയുവാൻ പോകുന്നില്ല എന്ന ആലോചനയാണ് നൽകുക. വിവാഹം കഴിക്കുവാൻ പോകുന്ന ആളെയും അറിയിക്കരുത് എന്ന നിർദ്ദേശവും നൽകിയേക്കാം. അത്തരം ഒരു സ്ത്രീയായിരുന്നു സുവിശേഷ വിവരണത്തിലെ മറിയ. യേശുവിന്റെ അമ്മയായ മറിയ.

ഗർഭം അലസിപ്പിക്കൽ സമൂഹത്തിൽ വളരെ കാലമായി നിലനിൽക്കുന്നുണ്ട്. മറിയയുടെ കാലത്തുമുണ്ടായിരുന്നു. അന്നു മറിയ തന്റെ ഗർഭം അലസിപ്പിച്ചിരുന്നുവെങ്കിൽ എന്തു സംഭവിക്കുമായിരുന്നു? യേശു ഒരിക്കലും ജനിച്ചില്ലായിരുന്നുവെങ്കിൽ എന്തു സംഭവിക്കുമായിരുന്നു? മറിയയുടെ ഉദരത്തിൽ ജനിക്കുവാനിരിക്കുന്ന ലോകരക്ഷിതാവും ദൈവപുത്രനും കുറവുള്ളവനായി തീരുകയില്ലേ? തീർച്ചയായും മറിയക്ക് യേശു ആരാണെന്ന് അറിയാമായിരുന്നു (1:20–23; ലൂക്കൊ. 1:26–38), അതുകൊണ്ട് അവൾ ഒരിക്കലും ശിശുവിനെ അലസിപ്പിക്കുകയില്ല. അവൾ അങ്ങനെ ചെയ്തിരുന്നുവെങ്കിൽ, ലോകം യേശുവിനെ കൂടാതെ കൂടുതൽ നിരാശയിൽ ആണ്ടുപോകുമായിരുന്നു. ഓരോ ദിവസവും നിരപരാധികളായ ആയിരക്കണക്കിനു മനുഷ്യ ജീവിതങ്ങൾ ഇല്ലാതാകുന്നു. ആ ശിശുക്കളിൽ എത്ര പേർ ലോകത്തിലേക്ക് വന്ന് ലോകത്തിന് അനുഗ്രഹമായി തീരേണ്ടതായിരുന്നു, പക്ഷെ അവർക്ക് അതിന് അവസരം ലഭിക്കാതെ പോയില്ലേ?

ആവശ്യമില്ലാത്ത ശിശുക്കൾ പുതിയ ഒരു പ്രതിഭാസമല്ല. യേശു ജനിച്ചപ്പോൾ, അവന്റെ മാതാപിതാക്കൾക്കും, മറ്റു കുറച്ചുപേർക്കും ഒഴിച്ച് മറ്റുള്ളവർക്ക് അത് ആവശ്യമില്ലാത്ത ഒരു ശിശുവായിരുന്നു.

*മഹാനായിരുന്ന ഹെരോദാവിന് അവൻ അവശ്യമില്ലാത്തവനായിരുന്നു.* തന്റെ സിംഹാസനത്തെ മറ്റൊരാൾ കീഴ്പ്പെടുത്തുമെന്ന് അവൻ ഭയപ്പെട്ടിരുന്നു. ആ ഭ്രാന്തനായ ഭരണാധികാരി, കലിതുള്ളലിനും, രോഷത്തിനും, കുലപാതകത്തിനും കേൾവികേട്ടവനാണ്, അവൻ "യെഹൂദന്മാരുടെ രാജാവ്" ജനിക്കുവാൻ പോകുന്നു എന്ന വാർത്ത കേട്ടപ്പോൾ, അവനെ കൊല്ലുവാൻ പദ്ധതി ആലോചിച്ചു (2:7–18).

*അവൻ വളർന്നപ്പോൾ, യേശുവിന്റെ സ്വന്ത കുടുംബത്തിലുള്ളവർ ആദ്യം അവനെ തള്ളിക്കളഞ്ഞു* (യോഹ. 7:5). അവന്റെ ഉയിർത്തെഴുന്നേൽപ്പ് വരെ അവന്റെ സഹോദരന്മാരിൽ ആരും വിശ്വസിച്ചിരുന്നില്ല (യോഹ. 7:5; പ്രവൃത്തികൾ 1:14; 1 കൊരി. 15:7).

*യെഹൂദ മതസ്ഥാപനത്തിന് അവനെ ആവശ്യമില്ലായിരുന്നു.* യോഹന്നാൻ എഴുതി, "അവൻ സ്വന്തമായവരിലേക്ക് വന്നു, സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല" (യോഹ. 1:11; യെശ. 53:3–9).

ദൈവത്തിന്റെ ദാനമായ മനുഷ്യജീവിതത്തിൽ നാം സന്തോഷിക്കണം. ഗർഭപാത്രത്തിനകത്തും പുറത്തുമുള്ള നമ്മുടെ മക്കളോട് നാം പെരുമാറുന്നത് അതിന്റെ തെളിവാണ്. ഗർഭം അലസിക്കലിനെതിരായി നാം ഉറച്ച നിലപാട് എടുക്കണം - നിരപരാധികളായ പ്രതിരോധിക്കാനാകാത്ത ശിശുക്കളെ നശിപ്പിക്കുവാൻ പാടില്ല. അതിനുപുറമെ, ആ കുഞ്ഞുങ്ങളോട് നാം മനസലിവുള്ളവരായി അവരെ ഉപേക്ഷിക്കുവാനോ, ദുരുപയോഗം ചെയ്യുവാനോ പാടില്ല.

**കന്യകാ ജനനം (1:18-25)**

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രധാന ഭാഗമാണ് യേശുവിന്റെ അത്ഭുതകരമായ കന്യകാ ജനനം. ആ സംഭവങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്ന അഞ്ചു പ്രധാന നിരീക്ഷണങ്ങൾ നമുക്ക് നടത്താം (അവയെ നമുക്ക് വെറും "കന്യകാ ജനനം" എന്നു വിളിക്കാം).

*കന്യകാ ജനനം ഒരു ദൈവിക പ്രവൃത്തിയായിരുന്നു.* ദൈവത്തിന്റെ കൃപ നിമിത്തമായിരുന്നു യേശു ലോകത്തിലേക്ക് വന്നത് (യോഹ. 3:16; എഫെ. 2:8–10). മനുഷ്യർക്ക് തങ്ങളുടെ രക്ഷക്കായി ഒന്നും ചെയ്യുവാൻ സാധ്യമല്ല. മക്കളുണ്ടാകുവാനുള്ള ദമ്പതികളുടെ ആഗ്രഹപ്രകാരമോ അല്ലെങ്കിൽ സ്വാഭാവികമായ സന്താനോൽപാദന ഫലമായോ അല്ല യേശുവിനെ ലോകത്തിനു പരിചയപ്പെടുത്തിയത്. മറിച്ച്, അതു പരിശുദ്ധാത്മാവിനാൽ നടന്ന ദൈവത്തിന്റെ അത്ഭുതമായിരുന്നു (1:18, 20; ലൂക്കൊ. 1:35), മനുഷ്യരുടെ ആവശ്യത്തോടുള്ള ദൈവത്തിന്റെ പ്രതികരണം.

*കന്യകാ ജനനം പ്രവചന നിവർത്തീകരണം ആയിരുന്നു*: "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവന്നു ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്നു പേർവിളിക്കും" (1:23). ക്രിസ്തുവിന്റെ വരവിൽകൂടെ, ദൈവം തന്റെ വാഗ്ദാനങ്ങൾ നിറവേറ്റി ദാവീദിന്റെ സിംഹാസനത്തിൽ ഇരുത്തുവാൻ അവനെ സംരക്ഷിച്ചു (2 ശമു. 7:12, 13; പ്രവൃത്തികൾ 2:29–36).

*യേശു മുൻപ് ഉണ്ടായിരുന്നു എന്നു വിവരിക്കുന്നതാണ് കന്യകാ ജനനം.* ക്രിസ്തു ആദ്യമെ ഉണ്ടായിരുന്ന വ്യക്തിയാണെന്ന് പുതിയനിയമം പഠിപ്പിക്കുന്നു. യോഹന്നാൻ 1:1 പറയുന്നു, " ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെയായിരുന്നു, വചനം ദൈവം ആയിരുന്നു." യേശു ലോകത്തിലേക്ക് വന്ന വസ്തുത അവൻ എല്ലായ്പ്പോഴും ഉള്ള വ്യക്തിയാണെന്ന് തെളിയിക്കുന്നു.

*യേശുക്രിസ്തുവിന് എങ്ങനെ പൂർണ്ണ മനുഷ്യനും പൂർണ്ണ ദൈവവുമാകുവാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുന്നതായിരുന്നു കന്യകാ ജനനം.* യോഹന്നാൻ 1:14 പറയുന്നു, "വചനം ജഡമായി തീർന്നു, നമ്മുടെ ഇടയിൽ പാർത്തു." മറിയ (മനുഷ്യൻ) പരിശുദ്ധാത്മാവിനാൽ (ദൈവം) അത്ഭുതകരമായി ഒരു

ശിശുവിനെ ഗർഭം ധരിച്ചു, അത് യേശു ഒരേ സമയത്ത് ദൈവവും മനുഷ്യനുമായിരുന്നു എന്നു തെളിയിക്കുന്നു (ഫിലിപ്പിയർ 2:6, 7 നോക്കുക). അവൻ "ദാവീദിന്റെ സന്തതി" മാത്രമായിരുന്നില്ല, പിന്നെയോ ദൈവ പുത്രൻ കൂടെയായിരുന്നു. അവൻ "ദൈവം നമ്മോടുകൂടെ," "ഇമ്മാനുവേൽ" ആയിരുന്നു.

*കന്യകാ ജനനത്തെ അഭിനന്ദിക്കുന്നതാണ് അവന്റെ ഉയർത്തെഴുന്നേൽപും സ്വർഗാരോഹണവും.* യേശു ഈ ലോകത്തിലേക്കു വന്നതു അത്ഭുതകരമായിട്ടാണ്, അതുപോലെ പോയതും അത്ഭുതകരമായാണ്. അവന്റെ മരണശേഷം അവൻ മൂന്നാം നാൾ ഉയർത്തെഴുന്നേറ്റു – അവന്റെ ദൈവികത്വത്തെ ശക്തമായി സാക്ഷീകരിക്കുന്ന ഒന്നായിരുന്നു അത് (റോമർ 1:4). നാൽപതു ദിവസം അവൻ സാക്ഷികൾക്ക് പ്രത്യക്ഷനായ ശേഷം, യേശു സ്വർഗത്തിലേക്ക്, പിതാവിന്റെ അടുക്കലേക്ക് ആരോഹണം ചെയ്തു (ലൂക്കൊ. 24:51; പ്രവൃത്തികൾ 1:9–11).

കന്യകാ ജനനത്തെ ത്യജിക്കുന്നത് തിരുവെഴുത്തുകളുടെ ശ്വാസിയതയെയും ആദ്യ സഭയുടെ സാക്ഷ്യത്തെയുമാണ് തള്ളിക്കളയുന്നത്. അതു മറിയയെ ഒരു വ്യഭിചാരിണിയായും യേശുവിനെ നിയമവിരുദ്ധമായി ജനിച്ചവനുമാക്കുന്നു. അതിനു പുറമെ, യേശുവിനെ കള്ളനായും കാപട്യക്കാരനുമായി അവർ കണക്കാക്കുന്നു. കന്യകാ ജനനത്തെ തള്ളിക്കളയുന്നത് യേശുവിന്റെ ദൈവികത്വത്തെയും രക്ഷിക്കുവാനുള്ള അവന്റെ ശക്തിയെയുമാണ് അവർ തള്ളിക്കളയുന്നത്.

ഡേവിഡ് സ്റ്റുവർട്ട്

**യോസേഫ് (1:18-25)**

ബൈബിൾ രേഖകൾ യോസേഫിനെ കുറിച്ച് അധികമൊന്നും പറയുന്നില്ല. അവൻ ദാവീദിന്റെ പിൻഗാമിയായി (1:16, 20) നസറേത്തിൽ പാർത്തിരുന്നു (ലൂക്കൊ. 2:4). അവൻ മറിയയെ വിവാഹനിശ്ചയം ചെയ്തിരുന്നു (ലൂക്കൊ. 1:27). മറിയ ഗർഭിണിയായത് ദൈവത്താലായിരുന്നു എന്ന് അവനോട് ദൂതൻ അരുളിച്ചെയ്തിരുന്നു (1:18–21). യോസേഫ് മനസലിവുള്ള നീതിമാനും ദൈവവചനം അനുസരിക്കുന്നവനുമായിരുന്നു (1:19, 24, 25; 2:14, 21, 22). ക്രിസ്തുവിന്റെ ജനനശേഷം, അവൻ നസറേത്തിൽ താമസിച്ച് തന്റെ ജോലി ചെയ്തിരുന്നു (13:55). യേശുവിനു പന്ത്രണ്ടു വയസായപ്പോൾ, അവന്റെ ജ്ഞാനം വെളിപ്പെടുകയും കുടുംബത്തോടൊപ്പം യെരുശലേമിലേക്ക് അവനെ കൊണ്ടുപോരുകയും ചെയ്തു. പിന്നെ കുടുംബം മിസ്രയിമിലേക്ക് മടങ്ങി പോകയും തുടർന്നു യോസേഫ് യേശുവിന്റെ ഭൗമിക പിതാവായി തീരുകയും ചെയ്തു (ലൂക്കൊ. 2:41–52). അവനും മറിയക്കും വേറെ അറു മക്കൾകൂടെ ഉണ്ടായി എന്നതൊഴിച്ച്, അതിനുശേഷം അവന്റെ ജീവിതത്തെ കുറിച്ച് നമുക്ക് ഒന്നും അറിയില്ല (13:55, 56). ക്രിസ്തുവിനെ ക്രൂശിൽ തറെക്കുന്നതിനു മുൻപ് അവൻ മരിച്ചിരിക്കുമെന്ന് തോന്നുന്നു (യോഹ. 19:25–27).

**രണ്ട് ശൂന്യമായ സ്ഥലങ്ങൾ (1:18-25)**

യേശുവിന്റെ സംഭവത്തിന് രണ്ടു വശമുണ്ട്. പലർക്കും ശിശുവിനെ വേണം, പുരുഷനെ വേണ്ട. അവർ ശിശുവായ യേശുവിന്റെ ജനനത്തെ ആഘോഷിക്കും, പക്ഷെ അവനെ കർത്താവായും രാജാവായും സ്വീകരിക്കയില്ല (പ്രവൃത്തികൾ 2:14–47).

വർഷങ്ങൾക്കു മുൻപുള്ള രണ്ടു ശൂന്യമായ സ്ഥലങ്ങൾ പ്രാധാന്യമുള്ളതാണ്: ശൂന്യമായ പുൽത്തൊട്ടിയും ശൂന്യമായ കല്ലറയും. യേശു പുൽത്തൊട്ടിയിൽ കഴിഞ്ഞില്ല. അവൻ വളർന്നു തികച്ചും പാപരഹിതമായി ജീവിച്ചു. അവൻ ഉപദേശിക്കുകയും രോഗസൗഖ്യം വരുത്തുകയും ചെയ്തു. അവസാനം അവൻ ക്രൂശിൽ നമ്മുടെ പാപങ്ങൾക്കുള്ള പ്രായശ്ചിത്ത യാഗമായി തീർന്നു. കല്ലറയിലും അവൻ തങ്ങിയില്ല. കാരണം അവൻ ഉയർത്തെഴുന്നേറ്റതിനാൽ, അവന്റെ ജനനം, ജീവിതം, മരണം എന്നിവക്കെല്ലാം അർത്ഥമുണ്ട്. ലോകത്തിലുള്ള എല്ലാവർക്കും യേശുക്രിസ്തുവിനെ ആവശ്യമായിരുന്നില്ല. പക്ഷെ അവനു എല്ലാവരും വേണം (മർക്കൊ. 16:15, 16; യോഹ. 3:16–21; 7:7; 15:18, 19).

---

കുറിപ്പുകൾ

[1]ലൂക്കൊ. 1:26–56; 2:1–52; 8:19–21; യോഹ. 2:1–11; 19:25–27 നോക്കുക. [2]മിഷ്നാ *കെതുബാ* 1.2; 4.2. ഏ. ഡി. 200–ൽ ന്യായപ്രമാണത്തെ സംബന്ധിച്ച വാമൊഴിയായ പാരമ്പര്യത്തെ സംയോജിപ്പിച്ചതാണ് മിഷ്നാ. [3]യോഹ. 1:20 എൻഏഎസ്ബിയിൽ "ആയി" എന്നു പറഞ്ഞു "മറിയയെ നിന്റെ ഭാര്യയായി എടുത്തുകൊൾക" എന്ന പ്രയോഗമാണുള്ളത്. കൂടുതൽ അർത്ഥവത്തായ തർജിമ "നിന്റെ ഭാര്യ മറിയയെ ചേർത്തുകൊൾക" എന്നാണ് (എൻകെജെവി നോക്കുക). [4]മിഷ്നാ *കുദൂശിൻ* 4.9. [5]മിഷ്നാ *ഗിദിൻ* 6.7; 9.4. [6]ഇബിഡ്., 9.3. [7]ഡൊണാൾഡ് ഏ. ഹാഗ്നെർ, *മാത്യു 1–13,* വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം. 33ഏ (ഡള്ളാസ്: വേർഡ് ബുക്ക്സ്, 1993), 18, അവിശ്വസ്തതക്ക് റബിമാരുടെ പാരമ്പര്യം ആവശ്യപ്പെടുന്നു. (മിഷ്നാ *യെബോമത്ത്* 2.8; *സോതാ* 5.1.) [8]റോബർട്ട് എച്ച്. ഹെന്റി, *മാത്യു ഏ കമെന്ററി ഓൺ ഹിസ് ലിറ്റററി ആന്റ് തിയോളജിക്കൽ ആർട്ട്* (ഗ്രാന്റ് റാപ്പിഡ്സ് മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1982), 21. [9]ഡി. എ. കാർസൺ, *ദ ഗോസ്പെൽ എക്കോർഡിങ് ടു ജോൺ,* പില്ലർ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1991), 335. [10]ഇബിഡ്., 591.

[11]ഡഗ്ലസ് ആർ. എ. ഹെയർ, *മാത്യു*, ഇന്റർപ്രെട്ടേഷൻ (ലൂയിസ്‌വിലേ: ജോൺ നോക്സ് പ്രസ്, 1993), 9. [12]ഇബിഡ്. [13]ഹാഗ്നെർ, 18. [14]റോബർട്ട് എച്ച്. മൗൺസ്, *മാത്യു*, ന്യൂ ഇന്റർനാഷ്ണൽ ബിബിളിക്കൽ കമെന്ററി (പീബഡി, മാസ്.: ഹെൻഡ്രിക്സൺ പബ്ലിഷേഴ്സ്, 1991), 10. [15]ബെൻ വിതെറിങ്ടൺ Ill "ബെർത് ഓഫ് ജീസസ്" ഇൻ ഡിക്ഷ്ണറി ഓഫ് ജീസസ് ആന്റ് ദ ഗോസ്പെൽസ്, എഡി, ജോയേൽ ബി. ഗ്രീൻ ആന്റ് സ്കോട്ട്, മെക്നൈറ്റ് (ഡൗണേഴ്സ് ഗ്രോവ്.: ഇന്റർവാഴ്സിറ്റി പ്രസ്, 1992), 62. [16]ഹാഗ്നെർ, 17. [17]ഡേവിഡ് ഹിൽ, *ദ ഗോസ്പെൽ ഓഫ് മാത്യു*, ദ ന്യു സെഞ്ചുറി ബൈബിൾ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1972), 78. [18]ഇബിഡ്. യെശ. 11:2; 42:1; യോവേ. 2:28 നോക്കുക. [19]സിരാക് 46:1; (എൻആർഎസ്‌വി; എംഫസിസ് ആഡഡ്). [20]ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു,* പില്ലർ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1992), 29.

[21]യെശ. 7:14 ന്റെ കൂടുതൽ പഠനങ്ങൾക്ക്, എച്ച്സി. ലുപോൾഡ്, എക്സ്പൊസിഷൻ ഓഫ് ഐസയ്യാ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1968), 1:155–59. [22]മൗൺസ്, 10–11. [23]വിതെറിങ്ടൺ, 62. [24]എങ്ങനെയായാലും, അശരീരി പരന്നിട്ടുണ്ട് (യോഹ. 8:41–ൽ "ഞങ്ങൾ പരസംഗത്താൽ ജനിച്ച മക്കളല്ല") എന്ന ഒരു

പ്രസ്താവന യെഹൂദന്മാർ നടത്തിയതിനെ ചില പണ്ഡിതന്മാർ മനസിലാക്കിയത്, യേശുവിനെ അവന്റെ അമ്മ വിവാഹത്തിനു മുൻപ് ഗർഭം ധരിച്ചതാകയാൽ അവിശ്വാസികളായിരുന്ന യെഹൂദന്മാർ, യേശുവിനെ അവർ "നിയമ വിരുദ്ധമായി" മറിയയിൽ ജനിച്ചവനായിട്ടാണ് കണ്ടത്. (ഒറിജെൻ *എഗൻസ്റ്റ് സെലയാസ്* 1.28.) [25]മറിയയെ കുറിച്ചുള്ള കൂടുതൽ ഉപദേശങ്ങൾക്ക് നോക്കുക, ജെഫ്രി. ഡബ്ലിയു. ബ്രോമിലേ, "മേരി, ഇൻ *ദ ഇന്റർനാഷ്ണൽ സ്റ്റാൻഡേർഡ് ബൈബിൾ എൻസൈക്ലോപീഡിയ*, റെവ. എഡി., എഡി. ജെഫ്രി. ഡബ്ലിയു.ബ്രോമിലേ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1986), 3:268–73.

**യേശു ജനിച്ചതെപ്പോൾ? (1:18-25)**

മഹാനായിരുന്ന ഹെരോദാവിന്റെ വാഴ്ച്ച നോക്കി (ബി. സി. 37–4) യേശു ജനിച്ച തീയതി ഏതാണ്ട് തിട്ടപ്പെടുത്താം. ചരിത്രപരമായി, ഹെരോദാവ് മരിച്ചത് ബി. സി. 4 ഏപ്രിൽ മാസത്തിലാണ്. ഹെരോദാവ് കുട്ടികളെ കൊല്ലുവാൻ കൽപന കൊടുത്തപ്പോൾ യേശുവിന് ഏതാണ്ട് രണ്ടു വയസായിരുന്നു (2:16). യേശു ബി. സി. 5–ൽ ജനിച്ചിരിക്കുവാനാണ് കൂടുതൽ സാധ്യത. അന്നു എങ്ങനെ തീയതി കണക്കാക്കിയിരുന്നു എന്നതനുസരിച്ചാണ് ഈ തിയതിയെ കുറിച്ച് തെറ്റിദ്ധാരണകളുള്ളത്. ഒരു കത്തോലിക്കാ സന്യാസി ഡയോനീഷിയസ്, എക്സിജുവസ്[1] ക്രിസ്തു ജനിച്ച തീയതിയെ സംബന്ധിച്ച് ആറാം നൂറ്റാണ്ടിൽ, തെറ്റായി കണക്കു കൂട്ടിയതിൽനിന്നും തെറ്റിദ്ധാരണ ജനിക്കുകയുണ്ടായി. കൃത്യമായി കണക്കു കൂട്ടുവാൻ അന്ന് അദ്ദേഹത്തിന് എല്ലാ രേഖകളും ലഭിച്ചിരുന്നില്ല.

ക്രിസ്തുവിന്റെ ജനനം ഡിസംബർ 25 ആയി ആഘോഷിക്കുവാൻ തുടങ്ങിയത്, കത്തോലിക്കാ ബിഷപ്പായിരുന്ന ലിബെര്യാസ് 360–ൽ കൽപന പുറപ്പെടുവിച്ചതിന്റെ ഫലമായാണ്.[2] അതിനു മുമ്പ് വ്യാഖ്യാതാക്കൾ ആഘോഷിച്ചിരുന്നത് മാർച്ച് 20 നോ അല്ലെങ്കിൽ ഏപ്രിൽ 18 നോ ആയിരുന്നു. സഭയിൽ വിവിധ വിഭാഗങ്ങളുണ്ടായപ്പോൾ വിട്ടുവീഴ്ച്ച ചെയ്ത് ഒത്തു തീർപ്പിലെത്തിയ തീയതിയായിരുന്നു ഡിസംബർ 25. “ശൈത്യകാല അയനത്തെയോ” അല്ലെങ്കിൽ “പുതിയ സൂര്യനെയോ” ആഘോഷിക്കുന്ന റോമാക്കാരുടെ ഉൽസവങ്ങളായ സാറ്റെർണാലിയ, ബ്രൂമാലിയ[3] എന്നിവ ആ സമയത്തായിരുന്നതുകൊണ്ടാകാം ആ തിയതി സമ്മതിച്ചത്. കോൺസ്റ്റന്റിനോപ്പിളിൽ 379 ലും അന്ത്യോക്യയിൽ 380 ലും ആണ് ക്രിസ്തുവിന്റെ ജനനം ആഘോഷിച്ചത്. ഒറീജെൻ (സി. 185–254) ക്രിസ്തുവിന്റെ ജനനം ആഘോഷിക്കുന്നതു തള്ളിക്കളഞ്ഞു പറഞ്ഞു,

> ഇത്തരം ജന്മദിനാഘോഷം നടത്തുന്നത് പാപികളാണ്. ഒരു ഉൽസവത്തോടുനുബന്ധിച്ച് മിസ്രയിം രാജാവായിരുന്ന ഫറവോൻ തന്റെ ജന്മദിനം ആഘോഷിച്ചിരുന്നു [ഉൽപ. 40:20], പുതിയനിയമത്തിൽ ഫറവോനും ആഘോഷിച്ചിരുന്നതായി പറയുന്നു [മർക്കൊ. 6:21].[4]

യേശു ജനിച്ച തീയതി നമുക്ക് കൃത്യമായി അറിയാൻ പാടില്ലെങ്കിലും, അവൻ ജനിച്ചത് ഡിസംബറിലായിരിക്കയില്ല, സെപ്തംബറിൽ ആയിരിക്കാം. എന്തുകൊണ്ട്? കാരണം യോഹന്നാൻ സ്നാപകനെ കുറിച്ചു നമുക്ക് ഉള്ള അറിവാണ്. മറിയയുടെ ബന്ധുവായിരുന്ന എലിശബെത്തിന്റെയും പുരോഹിതനായിരുന്ന സെഖര്യാവിന്റെയും മകനായിരുന്നു യോഹന്നാൻ. യേശു ജനിക്കുന്നതിനു ആറുമാസം മുൻപായിരുന്നു യോഹന്നാൻ സ്നാപകന്റെ ജനനം (ലൂക്കൊ. 1:36). സെഖര്യാവ്, ദൈവാലയത്തിൽ ശുശ്രൂഷ ചെയ്യുമ്പോഴായിരുന്നു അവന്നു ദൂതന്റെ അരുളപ്പാട് ലഭിച്ചത്. അവൻ അബിയാക്കൂറിൽ പുരോഹിതനായിരുന്നു (ലൂക്കൊ. 1:5). ദാവീദിൽനിന്നും എട്ടാമത്തെ കൂറാരുന്നു അവന്റേത് (1 ദിന. 24:5–10).

ക്രിസ്തുവിന്റെ ജനനത്തെ കുറിച്ചുള്ള മറ്റൊരു പോയിന്റ് ലൂക്കൊസിൽ

കാണാം: "ആ കാലത്ത് ലോകം ഒക്കെയും പേർവഴി ചാർത്തേണം എന്നു ഔഗുസ്തോസ് കൈസരുടെ ഒരു ആജ്ഞ പുറപ്പെട്ടു. കുറേന്യോസ് സുറിയ നാട് വാഴുമ്പോൾ, ഈ ഒന്നാമത്തെ ചാർത്തൽ ഉണ്ടായി" (ലൂക്കൊ. 2:1, 2). ചരിത്ര രേഖകളനുസരിച്ച്, ഔഗുസ്തോസ് പേർ ചാർത്തൽ നടത്തിയത് ബി. സി. 28 ലും, മറ്റുള്ളവ ബി. സി. 8 ലും ഏ. ഡി. 14 ലുമാണ്. ഇതിൽ ഉൾപ്പെടുത്തിയിരുന്നത് റോമൻ പൗരന്മാരെയായിരുന്നു. ഹെരോദാവിന്റെ വാഴ്ച്ചക്കാലത്ത് രാജ്യം സാങ്കേതികമായി റോമൻ പ്രവിശ്യയായിരുന്നില്ല, റോമാക്കാരുമായി സഖ്യത്തിൽ മാത്രമായിരുന്നതുകൊണ്ട്, ഹെരോദാവ് കണക്കെടുപ്പിനു സ്വാതന്ത്ര്യം ലഭിക്കുന്നതുവരെ രണ്ടു വർഷത്തേക്ക് നീട്ടി വെച്ചു. അത് അവന്റെ സ്വഭാവത്തെ സൂചിപ്പിക്കുന്നു. ഏ.ഡി 6–ൽ അല്ലെങ്കിൽ മഹാനായ ഹെരോദാവിന്റെ മരണശേഷം ആയിരിക്കാം കുറ്യോനസ് സുറിയ നാടു വാഴുമ്പോഴത്തെ കണക്കെടുപ്പ് മാത്രമാണ് അറിയപ്പെടുന്നത്. എങ്ങനെയായാലും, ലൂക്കൊസിന്റെ വിവരണത്തിലെ ചാർത്തൽ മറ്റുള്ള ചരിത്രവുമായി യോജിക്കുന്നതാണ്. കൂടാതെ കുറ്യോനസിന്റെ കാലത്തെ ചാർത്തൽ ഏഡി. 6 നും 7 നും ഇടക്കായിരിക്കാം, എന്നാൽ റോമിലെ ലാറ്ററൻ മൂസിയത്തിലെ നാശാവശിഷ്ടത്തിലെ മേലെഴുത്ത് പറയുന്നത് ബി. സി. 10 എന്നാണ്. വാസ്തവത്തിൽ, ചുരുങ്ങിയ തടസങ്ങളുണ്ടെങ്കിലും, കുറ്യോനസ് സുറിയ നാട് വാണിരുന്നത് ബി. സി. 12 നും ഏ. ഡി. 16 നും ഇടക്കായിരുന്നു.[5] ആ ചാർത്തൽ ചോദ്യം ചെയ്യപ്പെട്ടതിനാൽ ഔഗുസ്തോസ് ബി. സി. 8–ൽ കൽപന പുറപ്പെടുവിച്ചിരിക്കാം. കൂടാതെ ലൂക്കൊസിന്റെ സുവിശേഷം തർജിമ ചെയ്തപ്പോൾ ആ പ്രശ്നം പരിഹരിക്കപ്പെട്ടു എന്നാണ് നിഗേൽ ടർണർ എഴുതിയത്. അവൻ ഇങ്ങനെ പറഞ്ഞിരിക്കുന്നു, "ഈ ചാർത്തൽ *മുൻപ്* കുറ്യോനസ് നാടുവാഴിയായിരുന്നപ്പോൾ നടന്നതാണ്."[6] എങ്ങനെയായാലും, അവന്റെ കാഴ്ച്ചപ്പാട് പരക്കെ എതിർക്കപ്പെട്ടിട്ടുണ്ട്.

---

കുറിപ്പുകൾ

[1]ഹാൻസ് ആച്ചെലിസ്, "ഡയോനിസിയസ് എക്സിജുവസ്" ഇൻ സാമുവേൽ മെക്കാളേ ജാക്സൺ, എഡി., *ദ ന്യു സ്കാഫ്-ഹെർസോഗ്. എൻസൈക്ലോപീഡിയ ഓഫ് റിലീജിയസ് നോളേജ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1963), 3:441. [2]ഫിലിപ് സ്കാഫ്, *ഹിസ്റ്ററി ഓഫ് ദ ക്രിസ്ത്യൻ ചർച്ച്, വാല്യം.3, നൈസീൻ ആന്റ് പോസ്റ്റ് നൈസീൻ ക്രിസ്ത്യാനിറ്റി* (ന്യുയോർക്ക്: ചാൾസ് സ്ക്രിബ്നേഴ്സ് സൺസ്, 1916), 395. [3]ആൽബെർട്ട് ഹെന്റി ന്യുമാൻ, "ക്രിസ്തുമസ്" ഇൻ സാമുവേൽ മെക്കാളേ ജാക്സൺ, എഡി., *ദ ന്യു സ്കാഫ്-ഹെർസോഗ് എൻസൈക്ലോപീഡിയ ഓഫ് റിലിജിയസ് നോളേജ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1963), 3:48. [4]ഒറിജെൻ *ഹോമിലീസ് ഓൺ ലെവറ്റിക്കസ്* 8.3 [5]കുറിയോനിയസിന്റെ ജോലി വിവരിച്ചിരിക്കുന്നത്, ഫ്രെഡറിക് ഡബ്ലിയു. ഡാങ്കർ, *ജീസസ് ആന്റ് ദ ന്യു ഏജ്: ഏ കമെന്ററി ഓൺ സെന്റ് ലൂക്ക്സ് ഗോസ്പെൽ, റെവ.* ആന്റ് എക്സ്പ്. (ഫിലദെൽഫിയ: ഫോർട്രെസ് പ്രസ്, 1988), 23. [6]ജെഫ്രി ഐ. ഷെലെർ, "ദ ഫസ്റ്റ് നോയേൽ," *യു. എസ്.ന്യുസ് ആന്റ് വേൾഡ് റിപ്പോർട്ട്* (21 ഡിസംബർ 1992), 84.